**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2085 — 13.06.2019 ൽ മറുപടിക്ക്

## കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ

| ചോദ്യം<br><br>ശ്രീ.എം. മുകേഷ് | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|
| ആർദ്രം മിഷന് കീഴിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ചിട്ടുള്ളതും മതിയായ ഭൗതിക സൗകര്യങ്ങളുള്ളതുമായ ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | സമഗ്ര ആരോഗ്യപരിചരണത്തിന് ഊന്നൽ നൽകി പ്രവർത്തിക്കാൻ ഉദ്ദേശിച്ചുള്ള സ്ഥാപനങ്ങളാണ് കുടുംബാരോഗ്യകേന്ദ്രങ്ങൾ. രോഗപ്രതിരോധം, ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾ, പ്രാഥമികരോഗ ചികിത്സ, റീഹാബിലിറ്റേഷൻ, പാലിയേറ്റീവ് പരിചരണം എന്നിവ അടങ്ങുന്നതാണ് സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ.രോഗിസൗഹൃദമായ അടിസ്ഥാന സൗകര്യങ്ങൾ,അധിക ഡോക്ടർമാരും സ്റ്റാഫും, ലബോറട്ടറി സൗകര്യം,വൈകിട്ട് 6 മണിവരെ ഒ.പി സേവനം, ശ്വാസംമുട്ടൽ, ആസ്ത്മ തുടങ്ങിയവക്കുള്ള ശ്വാസ് ക്ലിനിക്ക്, ജീവിത ശൈലി രോഗ ക്ലിനിക്ക് (എൻ.സി.ഡി ക്ലിനിക്ക്) തുടങ്ങിയ സേവനങ്ങളോടെ കുടുംബാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.ഇവിടങ്ങളിൽ കിടത്തി ചികിത്സ ലക്ഷ്യമിടുന്നില്ല. കിടത്തി ചികിത്സ ആവശ്യമുള്ളവരെ താലൂക്ക്/ജില്ലാ തുടങ്ങിയ മുകൾത്തട്ടിലുള്ള ഗവൺമെന്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യാനാണ് ഉദ്ദേശിച്ചിരിക്കുന്നത് .എന്നാൽ ദുർഘട പിന്നോക്ക പ്രദേശങ്ങളിലും മറ്റും നേരത്തെ കിടത്തി ചികിത്സ ഉണ്ടായിരുന്ന പി.എച്ച്. സികൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുമ്പോൾ കിടത്തി ചികിത്സാ സേവനങ്ങൾ തുടർന്നും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ